DESPATCHED
On 29/12/21...

14/12/21




**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**


**ഹർജി നമ്പർ AP No.1237(4)/2013/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.8216/എസ്.ഐ.സി-ജി 2/2013)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

തീയതി: 14-12-2021

ശ്രീ. ജയപ്രകാശ്.കെ.പി,
15, തിലക് നഗർ, നാലാഞ്ചിറ പി.ഒ
തിരുവനന്തപുരം -15
— അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ, തിരുവനന്തപുരം

2. അപ്പീൽ അധികാരി & കോളേജ് വിദ്യാഭ്യാസ
അഡീഷണൽ ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
— എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 06-03-2013 ൽ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ പ്രൈവറ്റ്, എയ്ഡഡ് കോളജ് അദ്ധ്യാപകരിൽ എത്ര പേർക്ക് അവരുടെ ജീവിതപങ്കാളിക്കൊപ്പം ചേരാൻ ശൂന്യവേതനാവധി നൽകി എന്നതു സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ലാ എന്നതാണ് പരാതി. ഇതുമായി ബന്ധപ്പെട്ട് 24-12-2019 ലും പിന്നീട് 01-01-2020, 20-01-2020 എന്നീ തിയതികളിലും ഹിയറിംഗ്

നടത്തി. ഒന്നാം എതിർകക്ഷിക്കു പകരം ടിയാന്റെ ചുമതല വഹിച്ചുകൊണ്ടിരുന്ന അക്കൗണ്ട്സ് ഓഫീസർ ശ്രീ പോൾ ജോൺ ആണ് ആദ്യ ഘട്ടത്തിൽ ഹിയറിംഗിൽ ഹാജരായത്. ഒന്നാം എതിർകക്ഷി കമ്മീഷനു നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് പരാതിക്കാരനു നൽകിയില്ലെന്നും, നേരത്തെ അയച്ച റിപ്പോർട്ടിന്റെ പകർപ്പും തനിക്ക് കിട്ടിയില്ലെന്നും, അപ്പീൽ ഹർജിക്കാരൻ 24-12-2019 ൽ ഹിയറിംഗിൽ പറഞ്ഞു. അതിനു ശേഷം 09-01-2020 ൽ വീണ്ടും ഹിയറിംഗ് നടത്തി . ഇരു കക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു. പെൻഷൻ അപേക്ഷകൾ സാധാരണ ഡപ്യൂട്ടി ഡയറക്ടർ ഓഫ് കൊളീജിയേറ്റ് എഡ്യുക്കേഷനിലേക്ക് അയക്കേണ്ട ആവശ്യമില്ലെന്നും, പെൻഷൻ നൽകുന്ന അധികാരം ഡയറക്ടർ, കൊളീജിയേറ്റ് എഡ്യുക്കേഷന് (ഡി.സി) ആണെന്നും, അത് ഡി.സി യിൽ തന്നെ ഉണ്ടാകേണ്ടതാണ് എന്നും, അതു ചെയ്യാതെ, അപേക്ഷ, ഇതിൽ ഒരു പങ്കുമില്ലാത്ത ഡപ്യൂട്ടി ഡി.സി മാർക്ക് അയച്ചു കൊടുത്തത് ശരിയായ നടപടിയല്ലെന്നും, അപ്പീൽ ഹർജിക്കാരൻ വാദിച്ചു.

2. ഇക്കാര്യത്തിൽ ഒന്നാം എതിർകക്ഷിയുടെ വിശദീകരണം കൂടി ലഭിച്ചതിനു ശേഷം 30-01-2020ൽ വീണ്ടും ഹിയറിംഗ് നടത്താൻ തീരുമാനിച്ചു. 30-01-2020 ലെ ഹിയറിംഗിലും ഇരു കക്ഷികളും പങ്കെടുത്തു.

3. താൻ പറഞ്ഞ ആക്ഷേപങ്ങൾക്ക് ഒന്നും മറുപടി പറയാതെ, പഴയ കാര്യങ്ങൾ തന്നെയാണ് ഒന്നാം എതിർകക്ഷി വിശദീകരണത്തിലും ആവർത്തിച്ചിട്ടുള്ളതെന്ന് അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. താൻ ചോദിച്ചത് 2003 നു ശേഷം 2013 വരെയുള്ള പെൻഷൻ വിവരങ്ങളാണെന്നും, ഇതു വിവരാവകാശ നിയമത്തിന്റെ 4-ാം വകുപ്പനുസരിച്ച് ലഭ്യമല്ലായെന്ന് ഒരു പൊതുഅധികാരിക്ക് പറയാൻ കഴിയില്ലാ, എന്നും അപ്പീൽ

ഹർജിക്കാരൻ വാദിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ 10 വർഷത്തെ രേഖകൾ ആണെന്നും, ഇതു ക്രോഡീകരിച്ചു സൂക്ഷിക്കാത്തതുകൊണ്ട് നൽകാൻ കഴിയാതെ

വന്നിട്ടുള്ളതാണെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു. ഓഫീസിന്റെ പ്രവർത്തന സമയത്തിന്റെ 75 ശതമാനവും വിവരം കണ്ടെടുക്കുവാൻ വിനിയോഗിക്കേണ്ടി വന്നാൽ അങ്ങിനെ ചെയ്യേണ്ടതില്ലെന്ന് ബഹു. സുപ്രീം കോടതിയുടെ വിധിപ്രസ്താവമുള്ള കാര്യവും ഒന്നാം എതിർകക്ഷി ചൂണ്ടിക്കാട്ടി.

4. ഇരു കക്ഷികളുടെയും മൊഴികളും, ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഒന്നാം എതിർകക്ഷി ചൂണ്ടിക്കാട്ടിയതു പോലെ, ബഹു : സുപ്രീംകോടതിയുടെ

**Central Board of Secondary Education**
Vs
**Aditya Bandopadhyay (8) of SCC 497**

പ്രകാരം ഓഫീസിന്റെ 75ശതമാനം സമയവും വിവരങ്ങൾ കണ്ടെത്താൻ വിനിയോഗിക്കേണ്ടി വന്നാൽ അക്കാര്യം പരിഗണിക്കേണ്ടതില്ലാത്തതാണ് എങ്കിലും, അപ്പീൽ ഹർജിക്കാരന് ആവശ്യമെങ്കിൽ ടിയാന് ഒന്നാം എതിർകക്ഷിയുടെ കാര്യാലയത്തിൽ നേരിട്ട് ഹാജരായി ബന്ധപ്പെട്ട ഫയലുകൾ നേരിൽ പരിശോധിച്ച് വിവരങ്ങൾ സ്വീകരിക്കാവുന്നതാണ്. ഇക്കാര്യം 15-07-2013 ൽ രണ്ടാം എതിർകക്ഷി കമ്മീഷനു നൽകിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതുകൊണ്ട്, ഇക്കാര്യത്തിൽ അപ്പീൽ ഹർജിക്കാരന് ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ ബന്ധപ്പെട്ട് മുൻകൂട്ടി സമയം നിശ്ചയിച്ച് നേരിട്ടെത്തി ഫയലുകൾ പരിശോധിച്ച് ആവശ്യമായ കുറിപ്പുകളും, വിവരങ്ങളും പൂർണ്ണമായും സൗജന്യമായി കൈപ്പറ്റാവുന്നതാണ്. അപ്പീൽ ഹർജിക്കാരൻ അങ്ങിനെ ആവശ്യപ്പെടുന്ന പക്ഷം, അതിനുള്ള സൗകര്യം ചെയ്തു കൊടുക്കാൻ നിലവിലെ എസ്.പി.ഐ.ഒ

തയ്യാറാകേണ്ടതാണ്. ഇതു കൊണ്ട് അപ്പീൽ ഹർജിയിൽ ഇനിയും തുടർനടപടികൾ ആവശ്യമില്ലെന്നു നിരീക്ഷിച്ച് ഹർജിയിന്മേൽ ഇന്നേ ദിവസം ഡിസംബർ 14, 2021 ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

pre